പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2004-2006)യുടെ ഏഴാമത് റിപ്പോർട്ടിലെ (വേമ്പനാട് കായലിലെ മലിനീകരണം സംബന്ധിച്ച്)ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2004-2006)യുടെ ഏഴാമത് റിപ്പോർട്ടിലെ (വേമ്പനാട് കായലിലെ മലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

321/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |
| അദ്ധ്യായം III : | ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകൾ സംബന്ധിച്ച വിശദാംശം | .. | 18 |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിനൊന്നാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2004-2006)യുടെ ഏഴാമത് റിപ്പോർട്ട് (വേമ്പനാട് കായലിലെ മലിനീകരണം സംബന്ധിച്ച്) 2005 ഫെബ്രുവരി 2-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. വേമ്പനാട് കായലും കായലിലേക്കുള്ള തോടുകളും ഗുരുതരമായ മലിനീകരണ ഭീഷണി നേരിടുന്നതായി മനസ്സിലാക്കിയ സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും വേമ്പനാട് കായലിലെ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ ആകെ 14 ശിപാർശകളാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടിലെ ശിപാർശകൾ അവയിന്മേൽ ജലവിഭവം, തദ്ദേശസ്വയംഭരണം, കൃഷി, വിനോദസഞ്ചാരം, വ്യവസായം, റവന്യൂ, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ, പരിസ്ഥിതി എന്നീ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ II-ാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

3. സമിതി (2004-2006)യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം, അതു ലഭ്യമാക്കാത്തതു സംബന്ധിച്ചുള്ള സമിതിയുടെ തുടർ ശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ III-ാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അവയിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

കയർ വ്യവസായ യൂണിറ്റുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി കയർ ഉത്പാദന യൂണിറ്റുകളിൽ നിന്നുള്ള പാഴ്ജലം സംസ്കരിക്കുന്നതിനുള്ള പ്ലാന്റ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### (എ) തദ്ദേശസ്വയംഭരണ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 5987/പി3/05/തസ്വഭവ. തീയതി 20-5-2006)

ചകിരി വേർതിരിക്കുന്നതിനു മുന്നോടിയായി കായലിൽ തൊണ്ടഴുക്കുന്നത് കായൽ ജലത്തെ വളരെയധികം മലിനപ്പെടുത്തുന്നുണ്ട്. തൊണ്ടഴുക്കൽ കുറച്ചുകൊണ്ടുവരുന്നതിന്

പച്ചത്തൊണ്ടിൽനിന്ന് നേരിട്ട് യന്ത്രങ്ങൾ ഉപയോഗിച്ച് ചകിരി വേർപെടുത്തുന്ന രീതി കൂടുതൽ സ്വീകാര്യമായി വരുന്നുണ്ട്. ആവണക്കെണ്ണ ഉപയോഗിച്ച് തൊണ്ടഴുക്കലിന്റെ ആവശ്യകത ഒഴിവാക്കുകയോ എൻസൈം ഉപയോഗിച്ച് ചകിരി അഴുക്കലിന്റെ കാലാവധി ഏതാനും മണിക്കൂറായി കുറയ്ക്കുകയോ ചെയ്യുന്ന സംവിധാനങ്ങൾ കയർ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തു പ്രചരിപ്പിച്ചുവരുന്നു. ടാങ്കുകളിൽ ശുദ്ധജലം ഉപയോഗിച്ച് നടത്താനുള്ള സംവിധാനത്തെപ്പറ്റി തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലബോറട്ടറി ഗവേഷണം നടത്തിവരുന്നു. ഫാക്ടറികളിൽ ഉണ്ടാകുന്ന ഖരമാലിന്യമായ ചകിരിച്ചോറിന്, ജൈവവളത്തിൽ ചേർക്കാനും മണ്ണിന്റെ ഈർപ്പസംരക്ഷണശേഷി മെച്ചപ്പെടുത്താനും ഉപയുക്തത കണ്ടെത്തിയിട്ടുണ്ട്. ബ്ളീച്ചിംഗും ഡൈയിംഗും ചെയ്യുന്ന സ്ഥാപനങ്ങളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വീടുകളോടനുബന്ധിച്ച് ചെറിയ തോതിൽ ബ്ളീച്ചിംഗും ഡൈയിംഗും നടത്തുന്ന നിരവധി പേരുണ്ട്. അവിടെ മിക്കവാറും വീടുകളിൽ ഉചിതമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ആയിട്ടില്ല.

## (ബി) വ്യവസായ (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 12429/എഫ്2/05/വ്യവ. തീയതി 26-2-2007)

ചകിരി വേർതിരിക്കുന്നതിനു മുന്നോടിയായി കായലിൽ തൊണ്ടഴുക്കുന്നത് കായൽ ജലത്തെ വളരെയധികം മലിനപ്പെടുത്തുന്നുണ്ട്. തൊണ്ടഴുക്കൽ കുറച്ചുകൊണ്ടുവരുന്നതിന് പച്ചത്തൊണ്ടിൽനിന്ന് നേരിട്ട് യന്ത്രങ്ങൾ ഉപയോഗിച്ച് ചകിരി വേർപെടുത്തുന്ന രീതി കൂടുതൽ സ്വീകാര്യമായി വരുന്നുണ്ട്. ആവണക്കെണ്ണ ഉപയോഗിച്ചുകൊണ്ട് തൊണ്ടഴുക്കലിന്റെ ആവശ്യകത ഒഴിവാക്കുകയോ എൻസൈം ഉപയോഗിച്ച് ചകിരി അഴുക്കലിന്റെ കാലാവധി ഏതാനും മണിക്കൂറായി കുറയ്ക്കുകയോ ചെയ്യുന്ന സംവിധാനങ്ങൾ കയർ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത് പ്രചരിപ്പിച്ചുവരുന്നു. ടാങ്കുകളിൽ ശുദ്ധജലം ഉപയോഗിച്ച് നടത്താനുള്ള സംവിധാനത്തെപ്പറ്റി തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലബോറട്ടറി ഗവേഷണം നടത്തിവരുന്നു. ഫാക്ടറികളിൽ ഉണ്ടാകുന്ന ഖരമാലിന്യമായ ചകിരിച്ചോറിന് ജൈവവളത്തിൽ ചേർക്കാനും മണ്ണിന്റെ ഈർപ്പസംരക്ഷണശേഷി മെച്ചപ്പെടുത്താനും ഉപയുക്തത കണ്ടെത്തിയിട്ടുണ്ട്. ബ്ലീച്ചിംഗും ഡൈയിംഗും ചെയ്യുന്ന സ്ഥാപനങ്ങളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വീടുകളോടനുബന്ധിച്ച് ചെറിയ തോതിൽ ബ്ലീച്ചിംഗും ഡൈയിംഗും നടത്തുന്ന നിരവധി പേരുണ്ട്. അവിടെ മിക്കവാറും വീടുകളിൽ ഉചിതമായ മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ആയിട്ടില്ല.

(മറുപടികൾ 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 2</u>

ഹൗസ്ബോട്ടുകളിൽ നിന്നുള്ള സ്വീവേജ്, സംഭരണ ടാങ്കുകളിൽ സംഭരിച്ച് ശുദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 59871/പി3/05/തസ്വഭവ. തീയതി 20-5-2006)

ഹൗസ്ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് നിമിത്തമുള്ള മലിനീകരണം തടയാൻ വേണ്ടി ബയോസെപ്റ്റിക് ടാങ്ക് സംവിധാനം സമയബന്ധിതമായി നടപ്പിലാക്കണമെന്ന് ഹൗസ്ബോട്ട് ഉടമകൾക്ക് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശേഖരിക്കപ്പെടുന്ന സ്വീവേജ് ലാന്റിംഗ് കേന്ദ്രങ്ങളിൽ സംഭരിച്ച് സംസ്കരിക്കാൻ വിനോദസഞ്ചാര വകുപ്പ് ഏർപ്പെടുത്താമെന്ന് സമ്മതിച്ച സംവിധാനങ്ങൾ ഇനിയും സ്ഥാപിക്കപ്പെടേണ്ടതുണ്ട്. ഹൗസ്ബോട്ടുകളിൽ നിന്നുള്ള ഓയിൽ മലിനീകരണം തടയാൻ ഹൗസ്ബോട്ടുകളിൽ 2 സ്ട്രോക്ക് ഔട്ട്ബോർഡ് എഞ്ചിൻ ഉപയോഗം ഒഴിവാക്കാനും പകരം 4 സ്ട്രോക്ക് ഔട്ട്ബോർഡ് എഞ്ചിനോ ഇൻബോർഡ് എഞ്ചിനോ ഉപയോഗിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി) ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 39216/എ 4/05/ടൂറിസം തീയതി 2-1-2007)

ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം ടാങ്കുകളിൽ സംഭരിച്ച് ശുദ്ധീകരിക്കുന്നതിനുള്ള നടപടി നിർബന്ധമാക്കിയിട്ടുണ്ട്. മലിനജലം സംസ്കരിക്കുന്നതിന് പുന്നമടയിലും കുമരകത്തും ഓരോ സ്വീവേജ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി) വ്യവസായ (എഫ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 12429/എഫ്2/05/വ്യവ. തീയതി 26-2-2007)

ഹൗസ്ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് നിമിത്തമുള്ള മലിനീകരണം തടയാൻ വേണ്ടി ബയോസെപ്റ്റിക് ടാങ്ക് സംവിധാനം സമയബന്ധിതമായി നടപ്പിലാക്കണമെന്ന് ഹൗസ്ബോട്ട് ഉടമകൾക്ക് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശേഖരിക്കപ്പെടുന്ന സ്വീവേജ് ലാന്റിംഗ് കേന്ദ്രങ്ങളിൽ സംഭരിച്ച് സംസ്കരിക്കാൻ, വിനോദസഞ്ചാര വകുപ്പ് ഏർപ്പെടുത്താമെന്നു സമ്മതിച്ച സംവിധാനങ്ങൾ ഇനിയും സ്ഥാപിക്കപ്പെടേണ്ടതുണ്ട്. ഹൗസ്ബോട്ടുകളിൽ നിന്നുള്ള ഓയിൽ മലിനീകരണം

തടയാൻ ഹൗസ്ബോട്ടുകളിൽ 2 സ്ട്രോക്ക് ഔട്ട്ബോർഡ് എഞ്ചിൻ ഉപയോഗം ഒഴിവാക്കാനും പകരം 4 സ്ട്രോക്ക് ഔട്ട്ബോർഡ് എഞ്ചിനോ ഇൻബോർഡ് എഞ്ചിനോ ഉപയോഗിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(മറുപടികൾ 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 3</u>

തണ്ണീർമുക്കം ബണ്ടിന്റെ മദ്ധ്യഭാഗം മണ്ണുകൊണ്ട് നിർമ്മിച്ചിരിക്കുന്നതിനാൽ ജലത്തിന്റെ ശരിയാംവിധമുള്ള ഒഴുക്കിന് തടസ്സം നേരിടുന്നുണ്ട്. അതിനാൽ പ്രസ്തുത ഭാഗംകൂടി ഷട്ടർ ഇടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ഐ.ആർ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 15289/ഐ.ആർ3/05/ജലവിഭവ തീയതി 8-12-2005)

തണ്ണീർമുക്കം ബണ്ടിന്റെ ഭാഗത്ത് കായലിന് ഏകദേശം 1500 മീറ്റർ വീതിയുണ്ട്. മദ്ധ്യഭാഗം 500 മീറ്ററാണ് മണൽ ബണ്ടിട്ടിരിക്കുന്നത്. രണ്ടറ്റത്തും 500 മീറ്റർ വീതം ഷട്ടറുകളും ലോക്കുമാണ്. തൂണുകൾ ഒഴിവാക്കിയാൽ ഏകദേശം 800 മീറ്ററിലധികം വീതിയിൽ 4½ മീറ്റർ താഴ്ചയിൽ വെള്ളം ഒഴുകാൻ സൗകര്യമുണ്ട്.

തണ്ണീർമുക്കം ബണ്ടിനും കൊച്ചി അഴിയ്ക്കും ഇടയ്ക്ക് നേരേ കടവ്, മാക്കേകടവ് എന്ന ഭാഗത്ത് കായലിന് തണ്ണീർമുക്കം ഭാഗത്തെ കായലിന്റെ പകുതി വീതിയേ ഉണ്ടാവൂ എന്നാണറിയുന്നത്. ആ ഭാഗത്തുകൂടി കടന്നുപോകുന്ന വെള്ളമേ തണ്ണീർമുക്കത്തുകൂടിയും കടന്നുപോകുന്നുള്ളൂ. ആ ഭാഗത്തെ കായലിന്റെ ആഴം കൂടി കണക്കിലെടുത്ത് ഒരു പഠനം നടത്തിയാൽ മാത്രമേ തണ്ണീർമുക്കത്തെ ഇപ്പോഴത്തെ നീരൊഴുക്കിന്റെ വിവരവും പാതയുടെ വീതി ഇനിയും കൂട്ടേണ്ടതുണ്ടോ എന്നും മറ്റും അറിയാൻ കഴിയുകയുള്ളൂ. തണ്ണീർമുക്കം ബണ്ടിന്റെ ഭാഗത്തെ ഒഴുക്കിന്റെ നില പലപ്പോഴും പരിശോധിച്ചതിൽ അവിടെ ഷട്ടർ പൂർണ്ണമായും തുറന്നിട്ടിരിക്കുമ്പോൾ ഷട്ടറിന്റെ രണ്ടുഭാഗത്തേയും ജലനിരപ്പിൽ കാര്യമായ അന്തരമില്ലെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതായത് തണ്ണീർമുക്കം ഷട്ടർമൂലം നീരൊഴുക്ക് കാര്യമായി തടസ്സപ്പെടുന്നില്ലെന്നാണ്. ഇതിനെപ്പറ്റി വിദഗ്ദ്ധരെകൊണ്ട് പഠനം നടത്തി ആവശ്യമെങ്കിൽ മാത്രം തണ്ണീർമുക്കം ബണ്ടിന്റെ മദ്ധ്യഭാഗത്തുകൂടി ഷട്ടർ ഇടുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 4

തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ ഗുണമേന്മ കുറഞ്ഞ മെറ്റൽകൊണ്ട് നിർമ്മിച്ചിരിക്കുന്നത് കാരണം പെട്ടെന്ന് ദ്രവിച്ചുപോകുന്നതിനാൽ കപ്പൽ നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റൽ, ടി ഷട്ടറുകളുടെ നിർമ്മാണത്തിനും ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐ.ആർ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 15289/ഐ.ആർ3/05/ജലവിഭവ. തീയതി 8-12-2005)

തണ്ണീർമുക്കത്ത് ഇപ്പോൾ ഷട്ടർ നിർമ്മിക്കുന്നത് കെ.എസ് 2062 ഗുണനിലവാരമുള്ള ലോഹം കൊണ്ടാണ്. ഉപ്പിന്റെ സാന്നിദ്ധ്യമുള്ള ഈ പ്രദേശത്ത് ഷട്ടറുകൾ കപ്പൽ നിർമ്മാണത്തിനുപയോഗിക്കുന്ന ഇറക്കുമതി ചെയ്യപ്പെടുന്ന മെറ്റൽ (ലോഹം) കൊണ്ട് നിർമ്മിച്ചാൽ ആയുസ് കൂടുതൽ കിട്ടുന്നതാണ്. ഭാവിയിൽ ഷട്ടറുകളുടെ നിർമ്മാണത്തിന് കപ്പൽ നിർമ്മാണത്തിന് ഉപയോഗിക്കുന്ന മെറ്റൽ (ലോഹം) ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 5

വേമ്പനാട് കായലിനോട് ചേർന്നുകിടക്കുന്ന പാടശേഖരങ്ങളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കളുടേയും കീടനാശിനികളുടേയും അംശങ്ങൾ കായലിൽ എത്തിച്ചേരാതിരിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) കൃഷി പ്ലാനിംഗ് (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 85/പി.എ 2/06/കൃഷി തീയതി 16-9-2006)

വേമ്പനാട് കായലിനോട് ചേർന്നുകിടക്കുന്ന പ്രദേശത്ത് ജൈവിക/കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുവാനും തീരെ നിവൃത്തിയില്ലാതെ വരുന്ന സാഹചര്യങ്ങളിൽ നിയന്ത്രിതമായി മാത്രം രാസകീട/കമിൾ നാശിനികൾ ഉപയോഗിക്കുവാനും കർഷകരെ ബോധവാന്മാരാക്കുന്നതിനുമുള്ള പരിശീലന പരിപാടികൾക്ക് ഊന്നൽ നൽകുവാനും ആലപ്പുഴ, കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർക്കും നിർദ്ദേശം

നൽകിയതിൻ പ്രകാരം ഈ പ്രദേശങ്ങളിൽ കർഷകരുമായി ആശയവിനമയം നടത്തി രാസകീട/കമിൾ നാശിനികളുടെ അനിയന്ത്രിത പ്രയോഗംമൂലം ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുന്നുണ്ട്. കൃഷി ഭവൻ തോറുമുള്ള അഗ്രോ ക്ലിനിക്കുകൾ, കർഷക ഗ്രൂപ്പ് യോഗങ്ങൾ, പരിശീലന പരിപാടികൾ, സെമിനാറുകൾ, കർഷക വയൽ വിദ്യാലയങ്ങൾ, മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രം എന്നിവയിലൂടെ സംയോജിത കീടനിയന്ത്രണത്തിന്റെ ആശയങ്ങൾ കർഷകരിലേക്ക് എത്തിച്ചുവരുന്നു. കീടരോഗബാധ അനിയന്ത്രിതമാകുന്ന സാഹചര്യത്തിൽ മാത്രമേ രാസകീട/കമിൾ നാശിനികൾ ഉപയോഗിക്കാവൂ എന്ന് കർഷകർക്ക് നിർദ്ദേശം നൽകുന്നുണ്ട്. തന്മൂലം, കർഷകർ കീട/രോഗബാധ ആദ്യഘട്ടത്തിൽതന്നെ തിരിച്ചറിഞ്ഞ് സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ചുവരുന്നു. കൂടാതെ മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസനം,സംയോജിത കീടനിയന്ത്രണം എന്നീ പദ്ധതികൾ കുട്ടനാടൻ മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടാണ് നടപ്പിലാക്കി വരുന്നത്.

കുട്ടനാട്ടിൽ ഒരു വർഷം രണ്ട് സീസണിലായി ഏകദേശം അറുനൂറോളം പാടശേഖരങ്ങളിലായി 40000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തുവരുന്നു. കീട/രോഗബാധകൾ വർദ്ധിക്കുന്നതിന് അനുകൂലമായ കാലാവസ്ഥ ഘടകങ്ങൾ എല്ലായ്പ്പോഴും നിലനിൽക്കുന്ന ഈ പ്രദേശത്ത് രാസകീട/കമിൾനാശിനി പ്രയോഗമില്ലാതെ ഒരു കൃഷി ഇറക്കി കൊയ്തെടുക്കുക പലപ്പോഴും വളരെ ശ്രമകരമാണ്. എന്നിരുന്നാലും മേൽ വിവരിച്ച പരിപാടികൾമൂലം രാസകീട/കമിൾ നാശിനികളുടെ ഉപയോഗം ഈ മേഖലയിൽ വളരെ കുറഞ്ഞിട്ടുള്ളതായി കാണുന്നു.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25516/ഡി.എ 3/2007/തസ്വഭവ. തീയതി 15-5-2009)

ജൈവകൃഷിരീതി പ്രോത്സാഹിപ്പിക്കുക, കീടനാശിനിയുടെ ഉപയോഗം കുറയ്ക്കുന്നതിന് കർഷകരുടെ ഇടയിൽ ബോധവൽക്കരണം എന്നിവ ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തിവരുന്നുണ്ട്. കോട്ടയം ജില്ലയിൽ വേമ്പനാട്ട് കായലിനോട് ചേർന്നുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കുമ്പളം, ഉദയംപേരൂർ പഞ്ചായത്തുകളിൽ പൊക്കാളി കൃഷി മാത്രമാണ് നടക്കുന്നത്. ആയതിന് രാസവളം ഉപയോഗിക്കാറില്ല. കുമ്പളം, മരട്, ഉദയംപേരൂർ പഞ്ചായത്തുകളിൽ കായലിനോട് ചേർന്നുകിടക്കുന്ന പാടശേഖരങ്ങളിൽ വർഷങ്ങളായി കൃഷി നടക്കുന്നില്ല.

(മറുപടി 14-10-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 6

ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും പുറന്തള്ളുന്ന ജലമാലിന്യങ്ങളിൽ അടങ്ങിയിരിക്കുന്ന കോളിഫോം ബാക്ടീരിയകളുടെ എണ്ണം അനുവദനീയമായ പരിധിക്കും വളരെ കൂടുതലായതിനാൽ ആയത് തീർത്തും ട്രീറ്റ് ചെയ്തശേഷമേ പുറന്തള്ളാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) തദ്ദേശസ്വയംഭരണ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 59871/പി3/2005/തസ്വഭവ. തീയതി 20-5-2006)

ആലപ്പുഴ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും വണ്ടാനത്തേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. അവിടെ ജലമലിനീകരണ നടപടിക്രമങ്ങൾ പി.ഡബ്ല്യൂ.ഡി. സ്വീകരിച്ചുവരുന്നതായി അറിയുന്നു. ബയോമെഡിക്കൽ മാലിന്യങ്ങൾ പാലക്കാട്ടുള്ള 'ഇമേജ്' എന്ന ഐ.എം.എ.യുടെ സ്ഥാപനത്തിൽ സംസ്കരിക്കാനുള്ള കരാർ ആയിക്കഴിഞ്ഞു. ചപ്പുചവറുകൾ മുനിസിപ്പാലിറ്റി നീക്കം ചെയ്യുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രി അവിടെ നിന്നും മാറുമ്പോൾ അവിടെ സ്ഥാപിതമാകുന്ന ജില്ലാ ആശുപത്രിയിൽ ജില്ലാ പഞ്ചായത്ത് വേണ്ട മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇപ്പോൾതന്നെ അവിടെ ഉണ്ടാകുന്ന മലിനജലം ടാങ്കിൽ സംഭരിച്ച് അണുവിമുക്തമാക്കിയാണ് പുറന്തള്ളുന്നത്.

## (ബി) വ്യവസായ (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 12429/എഫ്2/2005/വ്യവ. തീയതി 26-2-2007)

ആലപ്പുഴ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും വണ്ടാനത്തേക്ക് മാറ്റിയിട്ടുണ്ട്. അവിടെ ജലമലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താനുള്ള നടപടിക്രമങ്ങൾ പി.ഡബ്ല്യൂ.ഡി. സ്വീകരിച്ചിട്ടുണ്ട്. ബയോമെഡിക്കൽ മാലിന്യങ്ങൾ പാലക്കാട്ടുള്ള 'ഇമേജ്' എന്ന ഐ.എം.എ.യുടെ സ്ഥാപനത്തിൽ സംസ്കരിക്കാനുള്ള കരാർ ആയിക്കഴിഞ്ഞു. ചപ്പുചവറുകൾ മുനിസിപ്പാലിറ്റി നീക്കം ചെയ്യുന്നുണ്ട്.

(മറുപടികൾ 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 17501/എ 3/2006/പരി. തീയതി 8-10-2009)

ആലപ്പുഴ മെഡിക്കൽ കോളേജും അനുബന്ധ ആശുപത്രിയും ആലപ്പുഴയിൽ നിന്നും വണ്ടാനത്തേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. ടി ആശുപത്രിയിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ, സ്വീവേജ്, ഗാർബേജ് മുതലായവ ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടികൾ എടുക്കാത്തതായി കണ്ടതിനെ തുടർന്ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, സൂപ്രണ്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്

ഡിവിഷൻ, ആലപ്പുഴ തുടങ്ങിയവർക്ക് മലിനീകരണനിയന്ത്രണ ബോർഡ് നോട്ടീസ് നൽകുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രിൻസിപ്പളിനും സൂപ്രണ്ടിനും പ്രോസിക്യൂഷൻ നോട്ടീസ് നൽകുകയും ചെയ്തുവെന്ന് ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 1.84 കോടി രൂപ ചെലവുവരുന്ന മലിനജല ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം പ്രാഥമിക ഘട്ടത്തിലാണെന്നും ടി പ്ലാന്റ് ഒരു വർഷത്തിനകം പൂർത്തിയാകുമെന്ന് മെഡിക്കൽ കോളേജ് അധികാരികൾ മലിനീകരണനിയന്ത്രണ ബോർഡിനെ അറിയിച്ചുവെങ്കിലും നാളിതുവരെ ക്രിയാത്മകമായ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും ആലപ്പുഴ മെഡിക്കൽ കോളേജിൽ നടത്താത്തതിനാൽ നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്ന് മലിനീകരണനിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

ഈ മറുപടി 10-11-2010-ലെ സമിതിയോഗം പരിഗണിക്കുകയും താഴെപ്പറയുന്ന അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി ആരാഞ്ഞ അധികവിവരം</u>

പ്രസ്തുത ശിപാർശ ഗൗരവമായി കണക്കാക്കണമെന്നും മലിനജല ശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും നിർദ്ദേശിച്ചു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1621/എ 2/2013/പരി. തീയതി 24-3-2014)

ആലപ്പുഴ മെഡിക്കൽ കോളേജിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ ചുമതല ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്. ടി പ്രോജക്ടിന്റെ 90% ജോലികളും പൂർത്തിയായതായും രണ്ട് മാസത്തിനുള്ളിൽ പ്ലാന്റ് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും പ്രോജക്ട് മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(മറുപടി 14-5-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 7</u>

വേമ്പനാട് കായൽ തീരങ്ങളിലും തുരുത്തുകളിലും താമസിക്കുന്ന ആളുകൾക്ക് പ്രോപ്പർ സാനിട്ടേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 59871/പി3/2005/തസ്വഭവ. തീയതി 20-5-2006)

സാനിട്ടേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് വിഹിതം നൽകുന്നുണ്ട്.

## (ബി) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25516/ഡി.എ 3/2007/തസ്വഭവ. തീയതി 15-5-2009)

ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തിയും ടോട്ടൽ സാനിട്ടേഷൻ പദ്ധതിയിൽപ്പെടുത്തിയും സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത എല്ലാവർക്കും കക്കൂസ് നിർമ്മിച്ചുനൽകുന്ന പദ്ധതി പഞ്ചായത്തുകൾ നടപ്പിലാക്കിവരുന്നു.

മറുപടികൾ 14-10-2009-ലെ സമിതിയോഗം പരിഗണിക്കുകയും താഴെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:

സമിതി ആരാഞ്ഞ അധികവിവരം

വേമ്പനാട് കായൽ തീരങ്ങളിലും തുരുത്തുകളിലും ഇന്നേവരെ എത്ര കക്കൂസുകൾ നിർമ്മിച്ചുവെന്നും ഏതൊക്കെ പഞ്ചായത്തുകൾക്ക് നിർമ്മൽ പുരസ്കാരം ലഭിച്ചുവെന്നും ആരാഞ്ഞു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

### തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 71518/ഡി.എ 3/2009/തസ്വഭവ. തീയതി 25-10-2010)

ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി വേമ്പനാട് കായൽ തീരങ്ങളിലും തുരുത്തുകളിലുമായി എറണാകുളം ജില്ലയിൽ 1563-ഉം ആലപ്പുഴ ജില്ലയിൽ 2032-ഉം കോട്ടയം ജില്ലയിൽ 188-ഉം ഉൾപ്പെടെ ആകെ 3783 സാനിട്ടറി കക്കൂസുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലയിൽ കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ആലപ്പുഴ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ വേമ്പനാട് കായൽ തീരത്തുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മൽ പുരസ്കാരം ലഭിച്ചിട്ടില്ല.

(മറുപടി 23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 8

വേമ്പനാട് കായലിൽ യന്ത്രസഹായത്തോടെ നടത്തുന്ന കക്കാവാരൽ പ്രസ്തുത ജലാശയത്തിന്റെ ആഴം പല സ്ഥലങ്ങളിലും കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നു. ആയത്, ജലഗതാഗതത്തിന് തടസ്സം ഉണ്ടാക്കുന്നു. അതിലുപരിയായി കക്കായുടെ വംശനാശത്തിനും കാരണമാകുന്നു. ആയതിനാൽ, ശാസ്ത്രീയമായ പഠനത്തിനുശേഷം മാത്രമെ കക്കാവാരൽ അനുവദിക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25516/ഡി.എ 3/2007/തസ്വഭവ. തീയതി 15-5-2009)

ആലപ്പുഴ, എറണാകുളം ജില്ലകളിൽ യന്ത്രസഹായത്തോടെയുള്ള കക്കാവാരൽ നടക്കുന്നില്ല. ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് അനധികൃത കക്കാവാരൽ നിയന്ത്രിക്കുന്നതിന് മറവൻ തുരുത്ത് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

(മറുപടി 14-10-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) വ്യവസായ (എച്ച്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 26478/എച്ച്2/2014/വ്യവ. തീയതി 4-8-2015)

വേമ്പനാട് കായലിൽ ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് കക്കാഖനന അനുമതിയുള്ള വിവിധ മേഖലകളിൽ നിന്നാണ് 1949-ൽ ഉൽപ്പാദനം ആരംഭിച്ച നാൾമുതൽ വൈറ്റ് സിമന്റ് നിർമ്മാണത്തിന്റെ പ്രധാന അസംസ്കൃത വസ്തുവായ കക്ക കമ്പനിയുടെ കട്ടർ-സക്ഷൻ ഡ്രഡ്ജർ ഉപയോഗിച്ച് ഖനനം ചെയ്തെടുത്തുവരുന്നത്. കായലിന്റെ അടിത്തട്ടിൽ 3-6 മീറ്റർ ഉപരിതല മണ്ണിന്റെ/ചെളിയുടെ കീഴിലായി 3-8 മീറ്റർ ആഴത്തിലാണ് കക്കാശേഖരമുള്ളത്. ഡ്രഡ്ജർ ഉപയോഗിച്ച് കക്ക ഖനനം ചെയ്തെടുക്കുമ്പോൾ അതോടൊപ്പം വലിച്ചെടുക്കപ്പെടുന്ന മണ്ണും ചെളിയും വെള്ളവും ഡ്രഡ്ജറിന്റെ അനുബന്ധ ഘടകമായ സ്ക്രീനിംഗ് പ്ലാന്റിൽവച്ച് അരിച്ച് നിശ്ചിത വലിപ്പത്തിൽ താഴെയുള്ള കക്കയോടൊപ്പം തിരികെ കായലിൽ നിക്ഷേപിക്കപ്പെട്ട് കക്ക മാത്രമാണ് ബാർജ് മുഖേന കൊണ്ടുപോകുന്നത്. അതിനാൽ ജലാശയത്തിന്റെ ആഴം പല സ്ഥലങ്ങളിലും കാര്യമായി കൂടുകയോ കുറയുകയോ ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ കക്കാഖനനം ജലഗതാഗതത്തിന് തടസ്സമുണ്ടാകുന്നുമില്ല.

വൈറ്റ് സിമന്റ് നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുവായ കക്ക ഫോസിൽ അവസ്ഥയിൽ നൂറ്റാണ്ടുകളായി നിക്ഷേപിക്കപ്പെട്ട നിലയിലുള്ളതാണ്. തന്മൂലം കക്കയുടെ വംശനാശത്തിന് കക്കാഖനനം കാരണമാകുന്നില്ല. വേമ്പനാട്ട് കായലിലെ കക്കാഖനനത്തിന്റെ പാരിസ്ഥിതിക ആഘാതത്തെപ്പറ്റി പഠിക്കാൻ സർക്കാർ നിയോഗിച്ചിരുന്ന ഡോ. കെ. രവീന്ദ്രന്റെ നേതൃത്വത്തിലുള്ള നാലംഗ വിദഗ്ദ്ധസംഘം സമർപ്പിച്ച റിപ്പോർട്ടിലും കക്കാ ഖനനംമൂലം വൻതോതിലുള്ള പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാകുന്നതായി പറയുന്നില്ല.

കൂടാതെ മൂന്ന് മാസത്തിലൊരിക്കൽ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ (സെസ്സ്) ബന്ധപ്പെട്ടവിഭാഗം ഖനനമേഖല പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടുകളിലും

കായലിലെ സചേതനമായ കക്ക, മത്സ്യങ്ങൾ, മറ്റ് ജീവജാലങ്ങൾ എന്നിവയ്ക്ക് ഹാനിവരുന്നതൊന്നും ഉണ്ടാകുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കോട്ടയം ജില്ലയിൽ വൈക്കം വില്ലേജിലെ സർവ്വേ നമ്പർ 197/1-ൽ 153 ഹെക്ടറിൽ നിന്നും ആലപ്പുഴ ജില്ലയിൽ പള്ളിപ്പുറം വില്ലേജിൽ സർവ്വേ നമ്പർ 299/1-ൽ 102 ഹെക്ടറിൽ നിന്നും 31-3-2020 വരെ കക്ക വാരുന്നതിന് പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമന്റ്സിന് പാട്ടക്കാലാവധി നീട്ടി സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.)85/2015/ഐ.ടി. തീയതി 23-6-2015 പുറപ്പെടുവിച്ചിട്ടുണ്ട്.

(മറുപടി 5-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 9

വേമ്പനാട് കായലോരങ്ങളിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ കക്കാച്ചൂളകളിൽ യാതൊരുവിധ മലിനീകരണ നിയന്ത്രണ സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിപ്പിക്കുന്ന ചൂളകൾക്കു മാത്രമേ അനുമതി നൽകാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) തദ്ദേശസ്വയംഭരണ (ഹി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 59871/ഹി3/2005/തസ്വഭവ. തീയതി 20-5-2006)

കക്കാച്ചൂളകളിൽ ഒരു നല്ലഭാഗവും ഖാദി ബോർഡിന്റെ ധനസഹായത്തോടെ സ്ഥാപിച്ചവയാണ്. അവയിൽ ഉയരമുള്ള ചിമ്മിനിയും എക്സ്ഹോസ്റ്റ് ഫാനും സ്ഥാപിക്കുന്നതിന് വേണ്ട ധനസഹായം നൽകാമെന്ന് ഖാദി ബോർഡ് അവരുടെയും വ്യവസായികളുടെയും സമ്മേളനം മലിനീകരണ നിയന്ത്രണ ബോർഡ് വിളിച്ചുകൂട്ടിയപ്പോൾ സമ്മതിച്ചിട്ടുണ്ട്. പല ചൂളകളിലും നിർദ്ദിഷ്ട സംവിധാനങ്ങൾ നിലവിൽ വന്നിട്ടുണ്ട്. പഞ്ചായത്ത് അധികൃതർ കമ്മായ ചൂളകൾക്ക് ലൈസൻസ് നൽകുന്നതിന് ബോർഡിന്റെ അനുമതി പൊതുവെ നിഷ്കർഷിക്കുന്നുണ്ട്.

## (ബി) വ്യവസായ (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 12429/എഫ്2/2005/വ്യവ. തീയതി 26-2-2007)

കക്കാച്ചൂളകളിൽ ഒരു നല്ലഭാഗവും ഖാദി ബോർഡിന്റെ ധനസഹായത്തോടെ സ്ഥാപിച്ചവയാണ്. അവയിൽ ഉയരമുള്ള ചിമ്മിനിയും എക്സ്ഹോസ്റ്റ് ഫാനും സ്ഥാപിക്കുന്നതിന് വേണ്ട ധനസഹായം നൽകാമെന്ന് ഖാദി ബോർഡ് അവരുടെയും വ്യവസായികളുടെയും

സമ്മേളനം മലിനീകരണ നിയന്ത്രണ ബോർഡ് വിളിച്ചുകൂട്ടിയപ്പോൾ സമ്മതിച്ചിട്ടുണ്ട്. പല ചൂളകളിലും നിർദ്ദിഷ്ട സംവിധാനങ്ങൾ നിലവിൽ വന്നിട്ടുണ്ട്. പഞ്ചായത്ത് അധികൃതർ കമ്മായച്ചൂളകൾക്ക് ലൈസൻസ് നൽകുന്നതിന് ബോർഡിന്റെ അനുമതി പൊതുവേ നിഷ്കർഷിക്കുന്നുണ്ട്.

## (സി) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25516/ഡി.എ 3/2007/തസ്വഭവ. തീയതി 15-5-2009)

കോട്ടയം, ആലപ്പുഴ ജില്ലകളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിക്കുന്ന കക്കാച്ചൂളകൾക്ക് മാത്രമേ ഗ്രാമപഞ്ചായത്തുകൾ അനുമതി നൽകുന്നുള്ളൂ. എറണാകുളം ജില്ലയിൽ കക്കാച്ചൂളകൾ പ്രവർത്തിക്കുന്നില്ല.

## (ഡി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 17501/എ 3/06/പരി. തീയതി 8-10-2009)

കക്കാച്ചൂളകളിൽ ഒരു നല്ലഭാഗവും ഖാദി ബോർഡിന്റെ ധനസഹായത്തോടെ സ്ഥാപിച്ചവയാണ്. അവയിൽ ഉയരമുള്ള ചിമ്മിനിയും എക്സ്ഹോസ്റ്റ് ഫാനും സ്ഥാപിക്കുന്നതിന് വേണ്ട ധനസഹായം നൽകാമെന്ന് ഖാദി ബോർഡിന്റെയും വ്യവസായികളുടെയും സമ്മേളനം മലിനീകരണ നിയന്ത്രണ ബോർഡ് വിളിച്ചുകൂട്ടിയപ്പോൾ ഖാദി ബോർഡ് സമ്മതിച്ചിട്ടുണ്ടെന്നും പല ചൂളകളിലും നിർദ്ദിഷ്ട സംവിധാനങ്ങൾ നിലവിൽ വന്നിട്ടുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താതെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെയും പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 27 ചൂളകൾക്ക് 4-6-2009-ൽ ബോർഡ് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ബന്ധപ്പെട്ട പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ചൂളകളുടെമേൽ ഉചിതമായ നടപടി കൈക്കൊള്ളാൻ ബോർഡ് നിർദ്ദേശം നൽകുകയും ചെയ്തുവെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. പ്രതികരണം വിലയിരുത്തി ചൂളകളുടെമേൽ അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(മറുപടികൾ 14-10-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 11

ഭൂമി നികത്തലും അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങളും വേമ്പനാട് കായലിന്റെ പരിസ്ഥിതിയെയും സന്തുലിതാവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ, അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും കയ്യേറിയ ഭൂമിയുണ്ടെങ്കിൽ അതൊഴിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) റവന്യൂ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 85374/എ 2/05/റവ. തീയതി 3-10-2007)

വേമ്പനാട് കായലിന്റെ പരിസ്ഥിതിയെയും സന്തുലിതാവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്ന ഭൂമി നികത്തലും അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട തഹസിൽദാർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള സർവ്വേ നടന്നുവരികയാണ്. കൂടാതെ ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ടുവരുന്ന വേമ്പനാട് കായലിലെ അനധികൃത മണൽ വാരൽ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് കർശനമായി നടപ്പിലാക്കുന്നതിന് റവന്യൂ, പോലീസ്, ജിയോളജി വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25516/ഡി.എ 3/07/തസ്വഭവ. തീയതി 15-5-2009)

ആലപ്പുഴ ജില്ലയിൽ ഭൂമി നികത്തലും അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങളും നിരോധിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റികൾ തീരുമാനം എടുത്തിട്ടുള്ളതും അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി നൽകാതിരിക്കുവാനും കയ്യേറിയ ഭൂമി ഉണ്ടെങ്കിൽ അത് ഒഴിപ്പിക്കുവാനും പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കായൽ കയ്യേറ്റം കണ്ടെത്തുന്നതിന് കുമരകം ഗ്രാമപഞ്ചായത്ത് റവന്യൂ 'അധികാരികളുടെ സഹകരണം തേടിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഭൂമി നികത്തൽ ഉണ്ട് എങ്കിലും കായൽ കയ്യേറ്റങ്ങൾ വ്യാപകമായി ഇല്ല. ഉള്ളവ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## (സി) റവന്യൂ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 66218/എ 2/09/റവ. തീയതി 17-7-2010)

വേമ്പനാട് കായലിലെ അനധികൃത കയ്യേറ്റങ്ങൾ സംബന്ധിച്ച് കായൽതീരമടങ്ങുന്ന എല്ലാ വില്ലേജ് ഓഫീസർമാരും ജാഗരൂകരാണ്. അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ സ്റ്റോപ്പ് മെമ്മോ നൽകി കേരള ഭൂസംരക്ഷണ നിയമം അനുശാസിക്കുന്ന നടപടികൾ എടുത്ത് റിപ്പോർട്ട് നൽകുന്നതിന് എല്ലാ വില്ലേജ്

ഓഫീസർമാർക്കും തഹസിൽദാർമാർ മുഖാന്തിരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കടൽ, കര, കായൽ കയ്യേറ്റങ്ങളും അനധികൃത കായൽ മണൽ ഖനനവും വാരലും തടയുന്നതിനും തഹസിൽദാർമാരുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സുകളും പ്രവർത്തിക്കുന്നു. ടി ടാസ്ക് ഫോഴ്സിന്റെ അന്വേഷണഫലമായി നിരവധി കയ്യേറ്റങ്ങൾ കണ്ടെത്തുകയും തുടർ നടപടികൾ സ്വീകരിച്ച് സർക്കാർ ഭൂമി അധീനതയിൽ എടുത്തിട്ടുള്ളതുമാണ്. കായൽ, കടൽ പുറമ്പോക്കുകൾ കയ്യേറിയ നിരവധി റിസോർട്ട് ഉടമകളെയും ഒഴിപ്പിച്ചിട്ടുള്ളതാകുന്നു. സ്പെഷ്യൽ സ്ക്വാഡിന്റെ പ്രവർത്തനഫലമായി അനധികൃത മോട്ടോറുകളും കസ്റ്റഡിയിലെടുത്ത് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കായൽതീര മലിനീകരണം തടയുന്നതിനുവേണ്ടി നിർദ്ദേശങ്ങളും മറ്റും നൽകി മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു. നാളിതുവരെയുള്ള എല്ലാ അനധികൃത കയ്യേറ്റങ്ങൾക്കെതിരെയും കേരള ഭൂസംരക്ഷണ നിയമം അനുശാസിക്കുന്ന എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും സർക്കാർ ഭൂമി സംരക്ഷണത്തിൽ സദാ ജാഗരൂകമാണെന്നുമുള്ള വിവരം അറിയിക്കുന്നു.

പ്രസ്തുത മറുപടികൾ സമിതിയുടെ 14-10-2009, 10-11-2010 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം റവന്യൂ വകുപ്പിനോട് ആരായുകയും ചെയ്തു:

<u>സമിതി ആരാഞ്ഞ അധികവിവരങ്ങൾ</u>

(1) കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് എന്ത് അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിവരം.

(2) ഭൂസംരക്ഷണ നിയമപ്രകാരം എത്ര കേസുകൾ ആരുടെയൊക്കെ പേരിൽ എടുത്തുവെന്നും എത്ര റിസോർട്ടുകൾ ഒഴിപ്പിച്ചുവെന്നും സ്പെഷ്യൽ സ്ക്വാഡിന്റെ പ്രവർത്തനഫലമായി എത്ര മോട്ടോറുകൾ കസ്റ്റഡിയിലെടുത്തുവെന്നും ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിവരങ്ങൾ.

<u>സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് റവന്യൂ വകുപ്പ് ലഭ്യമാക്കിയ മറുപടി</u>

(സർക്കാർ കത്ത് നമ്പർ 47453/പി1/15/റവ. തീയതി 11-8-2015)

വേമ്പനാട് കായലിലെ പരിസ്ഥിതിയെയും സന്തുലിതാവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനധികൃത കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കേരള ഭൂസംരക്ഷണ നിയമപ്രകാരം സ്വീകരിച്ച് കയ്യേറ്റം ഒഴിപ്പിച്ചിട്ടുള്ളതും അനധികൃതമായി നടത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ നീക്കം ചെയ്യുമ്പോൾ അവശിഷ്ടങ്ങൾ കായലിൽ നിക്ഷേപിച്ചാലുണ്ടാകുന്ന പാരിസ്ഥിതിക

പ്രശ്നങ്ങൾ ഗൗരവമായതിനാൽ ടി മാലിന്യങ്ങൾ കായലിൽ നിക്ഷേപിക്കാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. അമ്പലപ്പുഴ താലൂക്കിൽ ക്ലബ് ലേക്ക് റിസോർട്ട് കായലിന്റെ സംരക്ഷണഭിത്തി പൊളിച്ചതുമായി ബന്ധപ്പെട്ട വിഷയം കോടതി പരിഗണനയിലുള്ളതും ചേർത്തല താലൂക്കിൽ പാണാവള്ളി വില്ലേജിലെ നെടിയാത്തുരുത്ത് ദ്വീപിലെ കാപ്പിക്കോ റിസോർട്ടിന്റെ അനധികൃതമായ റിസോർട്ടുകൾ പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയുടെ വിധി ചോദ്യം ചെയ്തുകൊണ്ട് സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതുമാകുന്നു. ഈ കേസുകൾ ഒഴികെയുള്ള കയ്യേറ്റങ്ങളിൽ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ യഥാസമയം നടപടി സ്വീകരിച്ചുവരികയാണ്.

(മറുപടി 12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 13</u>

വേമ്പനാട് കായലിൽ കുമരകം പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം ഏതാണ്ട് പൂർണ്ണമായും കുളവാഴ നിറഞ്ഞ് സഞ്ചാരയോഗ്യമല്ലാതെ ആയിരിക്കുന്നു. ആയത് ചില ദിവസങ്ങളിൽ ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുകയും കൊതുകുകൾ വർദ്ധിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നതായി സമിതിക്ക് ബോദ്ധ്യമായി. പ്രസ്തുത കുളവാഴകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25564/എ 2/05/സി.എസ്.ഐ.എൻ. തീയതി 10-3-2008)

തണ്ണീർമുക്കം ബണ്ട് അടച്ചിട്ടുമ്പോൾ ഡിസംബർ മുതൽ മാർച്ച് വരെ കുട്ടനാട് ഭാഗത്ത് നിന്നും പായൽ വേമ്പനാട് കായലിൽവന്ന് അടിയുന്നു. മാർച്ച് 15-ന് തണ്ണീർമുക്കം ഷട്ടർ തുറക്കുമ്പോൾ പായൽ, കുളവാഴ എന്നിവ കടലിലേക്ക് ഒഴുകിമാറുകയും ചെയ്യുന്നു. എല്ലാവർഷവും ഈ പ്രശ്നം ഉണ്ടാകാറുണ്ട്. കുളവാഴ മുഴുവൻ നീക്കം ചെയ്യുന്ന പ്രക്രിയ വൻസാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. വേമ്പനാട് കായലിലെയും (കുമരകം പഞ്ചായത്ത്) അനുബന്ധ കനാലിലെയും മറ്റും കുളവാഴ നീക്കം ചെയ്യുന്നതിന് ഉദ്ദേശം 25 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ അത്യാവശ്യ സ്ഥലങ്ങളിൽ കുളവാഴ നീക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഇതിന് ഭരണാനുമതി നൽകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(പ്രസ്തുത മറുപടി 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

### (ബി) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25516/ഡി.എ 3/07/തസ്വഭവ. തീയതി 15-5-2009)

കുളവാഴകൾ നീക്കം ചെയ്യേണ്ട ചുമതല അതത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കുമെന്നും ആലപ്പുഴ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരേയും അറിയിക്കുകയും പഞ്ചായത്തുകൾ അപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കുളവാഴകൾ നീക്കം ചെയ്ത് ജലാശയങ്ങൾ സഞ്ചാരയോഗ്യമാക്കുന്നതിന് കുമരകം ഗ്രാമപഞ്ചായത്ത് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത മറുപടി 14-10-2009-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി ആരാഞ്ഞ അധികവിവരം</u>

വേമ്പനാട് കായലിലെ കുളവാഴകൾ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

### തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 71518/ഡി.എ 3/09/തസ്വഭവ. തീയതി 25-10-2010)

വേമ്പനാട് കായലിലെ കുളവാഴകൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ കുമ്പളം ഗ്രാമപഞ്ചായത്ത് കുളവാഴ ഉപയോഗിച്ച് ബയോഗ്യാസ് നിർമ്മിക്കുന്നതിനുള്ള പ്ലാന്റിന്റെ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് തോടുകളിലേയും കായലുകളിലേയും കുളവാഴ/പായൽ നിർമ്മാർജ്ജനം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ കുളവാഴകൾ നീക്കം ചെയ്യുന്ന പ്രവൃത്തിയിലേക്കായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 8,15,065 രൂപ ചെലവഴിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി വേമ്പനാട് കായലിലെ കുളവാഴകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(മറുപടി 23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 14</u>

**വേമ്പനാട് കായലിലെ മലിനീകരണത്തെക്കുറിച്ച് പഠിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയോ അല്ലെങ്കിൽ വേമ്പനാട് കായലിന്റെ തീരങ്ങൾ ഉൾപ്പെട്ടുവരുന്ന പഞ്ചായത്ത് സമിതികളെയും മറ്റ് അയൽക്കൂട്ടങ്ങൾ പോലെയുള്ള സമിതികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

സർക്കാർ സ്വീകരിച്ച നടപടി

## (എ) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25516/ഡി.എ 3/07/തസ്വഭവ. തീയതി 15-5-2009)

ജലാശയങ്ങളിലെ മലിനീകരണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ സന്നദ്ധ സംഘടനകളുടേയും കുടുംബശ്രീയുടേയും സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

(മറുപടി സമിതിയുടെ 14-10-2009-ലെ യോഗം അംഗീകരിച്ചു.)

## (ബി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 4031/എ 2/11/പരി. തീയതി 21-2-2012)

വേമ്പനാട് കായലിന്റെ പാരിസ്ഥിതിക പുനരുജ്ജീവനത്തിനായി സർക്കാർ പല നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം ക്രമീകരിക്കുക, തോട്ടപ്പള്ളി സ്പിൽവേ കൂടുതൽ പ്രയോജനപ്രദമാക്കുക, നെൽകൃഷി ജൈവരീതിയിലാക്കുക, കായലിൽ പതിക്കുന്ന പ്രധാന നദികളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുക എന്നിവ അവയിൽ പ്രധാനമാണ്. കൂടാതെ വേമ്പനാട് കായലിന്റെ ആകമാന ജൈവ ആവാസ വ്യവസ്ഥാ സംരക്ഷണത്തിനായി, വേമ്പനാട് എക്കോ ഡെവലപ്മെന്റ് സൊസൈറ്റിയും രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിദഗ്ദ്ധ പഠനങ്ങളും വിശദമായ പദ്ധതി റിപ്പോർട്ടുകളും തയ്യാറാക്കേണ്ടി വരും. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട പഞ്ചായത്തുകളുമായും സർക്കാരിതര പരിസ്ഥിതി സംഘടനകളുമായും ചർച്ച നടത്തി വിഷയങ്ങൾ നിർണ്ണയിക്കാനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശങ്ങളും ഈ നടപടികളിൽ ഗൗരവപൂർവ്വം കണക്കിലെടുക്കുന്നതാണ്.

(മറുപടി 23-10-2013-ലെ സമിതിയോഗം അംഗീകരിച്ചു.)

## അദ്ധ്യായം III

# റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം, ആയത് ലഭ്യമാക്കാത്തതു സംബന്ധിച്ച സമിതിയുടെ തുടർവിവരം എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 10

വേമ്പനാട് കായലിലെ മലിനീകരണംമൂലം എലിപ്പനിപോലുള്ള രോഗങ്ങൾ വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം ഓരോ പഞ്ചായത്തും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### (എ) തദ്ദേശസ്വയംഭരണ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 5987I/പി3/05/തസ്വഭവ. തീയതി 20-5-2006)

വേമ്പനാട് കായലിൽ നിന്നല്ല പ്രത്യുത കുട്ടനാടൻ പാടശേഖരങ്ങളിൽ നിന്നാണ് എലിപ്പനിപോലുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്നത്. ഇതിന് സംസ്ഥാന ആരോഗ്യ വകുപ്പ് പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതായി അറിയുന്നു. ബോർഡ് നടപ്പിലാക്കുന്ന 'MINARS' (മോണിറ്ററിംഗ് ഓഫ് ഇൻഡ്യൻ നാഷണൽ അക്വാട്ടിക് റിസോഴ്സസ്) എന്ന പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിലെ ജലത്തിന്റെ ഗുണനിലവാരം മൂന്ന് മാസത്തിലൊരിക്കൽ തിട്ടപ്പെടുത്തുന്നുണ്ട്. ഇതിൽ രോഗാണുക്കളുടെ അളവ് നിർണ്ണയം ഉൾപ്പെടുന്നില്ല.

### (ബി) വ്യവസായ (എഫ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 12429/എഫ്2/05/വ്യവ. തീയതി 26-2-2007)

വേമ്പനാട് കായലിൽ നിന്നല്ല പ്രത്യുത കുട്ടനാടൻ പാടശേഖരങ്ങളിൽ നിന്നാണ് എലിപ്പനിപോലുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്നത്. ഇതിന് സംസ്ഥാന ആരോഗ്യ വകുപ്പ് പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതായി അറിയുന്നു. ബോർഡ് നടപ്പിലാക്കുന്ന 'MINARS' (മോണിറ്ററിംഗ് ഓഫ് ഇൻഡ്യൻ നാഷണൽ അക്വാട്ടിക് റിസോഴ്സസ്) എന്ന പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിലെ ജലത്തിന്റെ ഗുണനിലവാരം മൂന്ന് മാസത്തിലൊരിക്കൽ തിട്ടപ്പെടുത്തുന്നുണ്ട്.

(പ്രസ്തുത മറുപടികൾ 29-10-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

## (സി) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 36763/ഡി.എ 3/07/തസ്വഭവ. തീയതി 13-2-2008)

വേമ്പനാട് കായലിലെ ജലമലിനീകരണം എലിപ്പനിപോലെയുള്ള രോഗങ്ങൾ പരത്തുന്നതിന് കാരണമാകുന്നുണ്ടോ എന്ന് പബ്ലിക് ലാബുകൾ മുഖേന രണ്ടാഴ്ചയിലൊരിക്കൽ പരിശോധന നടത്തുന്നതിനും മേൽനടപടി സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം വേമ്പനാട് കായലിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ കായലിലെ ജലം രോഗങ്ങൾ പരത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് പബ്ലിക് ഹെൽത്ത് ലാബുകളെ സമീപിക്കുമ്പോൾ അടിയന്തരപ്രാധാന്യം നൽകി മുൻഗണന നൽകണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ പ്രകാരം ഇതുസംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് അനൗദ്യോഗിക കുറിപ്പ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്ന 'സാമൂഹ്യജല സുരക്ഷാ പദ്ധതി' (National Rural Drinking Water—Quality Monitoring and Surveillance Programme) പ്രകാരം കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതാണ് എന്ന് ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകർ മുഖേന Field Test Kit ഉപയോഗിച്ച് വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും അതിൽനിന്നും 30% സാമ്പിളുകൾ ജില്ലാ ലാബിലും 10% സാമ്പിളുകൾ സംസ്ഥാന ലാബിലും പരിശോധിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇത് സമിതിയുടെ ശിപാർശയിന്മേലുള്ള ഏറ്റവും ഫലപ്രദമായ നടപടിയാണ്. സംസ്ഥാന ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് മുഖേനയാണ് ഇതിന്റെ നടത്തിപ്പും മേൽനോട്ടവും വഹിക്കുന്നത്. ഇതു കൂടാതെ ഗുണനിലവാര പരിശോധനയോടൊപ്പം ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ ജനപങ്കാളിത്തത്തോടുകൂടി ആവിഷ്കരിക്കുകയും ചെയ്യുന്നതിനായി ഇത്തരത്തിലുള്ള പങ്കാളിത്ത നടപടികൾ സർക്കാർ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന ജലവിഭവ വകുപ്പ് ഈ പദ്ധതിക്ക് തുടക്കമിട്ടുകഴിഞ്ഞിട്ടുള്ളതാണ് എന്നും ടി പദ്ധതി സജീവമാകുന്നതോടെ വേമ്പനാട് കായൽ അടക്കമുള്ള ജലസ്രോതസ്സുകളുടെ മലിനീകരണ പ്രശ്നങ്ങൾക്ക് വലിയൊരളവുവരെ പരിഹാരം കാണാൻ കഴിയുന്നതാണ് എന്ന് കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത മറുപടി 14-10-2009-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

കായലിലെ ജലം രോഗം പരത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വേമ്പനാട് കായലിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ പബ്ലിക് ഹെൽത്ത് ലാബുകളെ സമീപിക്കുമ്പോൾ അടിയന്തരപ്രാധാന്യം നൽകി മുൻഗണന നൽകണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ പ്രകാരം ഇത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് റിപ്പോർട്ടാവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

ഇക്കാര്യത്തിൽ പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

## (ഡി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 17501/എ 3/06/പരി. തീയതി 8-10-2009)

കുട്ടനാടൻ പാടശേഖരങ്ങളിൽ നിന്നാണ് എലിപ്പനിപോലുള്ള രോഗങ്ങൾ പടർന്നു പിടിക്കുന്നതെന്നും ഇതിന് സംസ്ഥാന ആരോഗ്യ വകുപ്പ് പ്രതിരോധ നടപടികൾ കൈക്കൊണ്ടുവരുന്നതായും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കുന്ന 'MINARS' (മോണിറ്ററിംഗ് ഓഫ് ഇൻഡ്യൻ നാഷണൽ അക്വാട്ടിക് റിസോഴ്സസ്) എന്ന പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിലെ ജലത്തിന്റെ ഗുണനിലവാരം മൂന്ന് മാസത്തിലൊരിക്കൽ തിട്ടപ്പെടുത്തുന്നുണ്ടെന്നും ഇതിൽ രോഗാണുക്കളുടെ അളവ് നിർണ്ണയം ഉൾപ്പെടുന്നില്ല എന്നും മലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത മറുപടി 10-11-2010-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം നിർദ്ദേശിക്കുകയും ചെയ്തു:

<u>സമിതി നിർദ്ദേശം</u>

വേമ്പനാട് കായലിലെ ജലത്തിന്റെ ഗുണനിലവാരം മൂന്ന് മാസത്തിലൊരിക്കൽ തിട്ടപ്പെടുത്തുന്നതോടൊപ്പം ഇതിലെ രോഗാണുക്കളുടെ അളവു നിർണ്ണയംകൂടി 'MINARS' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള അന്തിമ മറുപടി</u>

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1621/എ 2/13/പരി. തീയതി 24-3-2014)

കേരളത്തിലെ ജലസ്രോതസ്സുകളിലെ ജലഗുണനിലവാരം വിലയിരുത്തുന്നതിനായി നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം (NWMP) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പാക്കിവരുന്നു. ടി പദ്ധതി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡമനുസരിച്ചാണ് നടപ്പാക്കുന്നത്. NWMP-ൽ കേരളത്തിലെ മൊത്തം ജലസ്രോതസ്സുകളിൽ നിന്നുള്ള 128 മോണിറ്ററിംഗ് സ്റ്റേഷനുകൾ തെരഞ്ഞെടുത്ത് അവയിൽനിന്ന് ജലസാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം വിലയിരുത്തുന്നു. വേമ്പനാട് കായലിലെ ജലത്തിന്റെ ഗുണനിലവാരം NWMP പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ മാസവും പരിശോധിച്ച് വിലയിരുത്തുന്നു. ഇതിനായി വേമ്പനാട് കായലിൽ 2 മോണിറ്ററിംഗ് സ്റ്റേഷനുകൾ (പാതിരാമണൽ, ഓയിൽ ടാങ്കർ ജെട്ടി എന്നിവിടങ്ങളിലായി) ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണ ജലഗുണനിലവാര പരിശോധനയിൽ ഫിസിക്കൽ/കെമിക്കൽ/ബയോളജിക്കൽ പാരാമീറ്ററുകളും (കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം, അളവ് എന്നിവ) വിലയിരുത്തുന്നു. കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം "Indicator bacteria" എന്ന നിലയിലാണ് പരിശോധിക്കുന്നത്. കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം എന്നത് ഒരുപക്ഷേ രോഗാണു ബാക്ടീരിയയുടെ സാന്നിദ്ധ്യമാകാനും ഇടയുണ്ട്. ആയതിനാലാണ് കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയ ഉണ്ടാകാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ കുളിക്കുന്ന വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 500 MPN/100 ml. വരെ ആകാം. രോഗാണുക്കളുടെ സാന്നിദ്ധ്യം, അളവ്, ഏതുതരം രോഗത്തിന്റെ ബാക്ടീരിയയാണ് എന്നിവ നിർണ്ണയിക്കുന്നത് ആരോഗ്യ വകുപ്പാണ്. ഇവ സാധാരണയായി പരിശോധിക്കുന്നത് ഏതെങ്കിലും ജലജന്യ രോഗങ്ങൾ പടരുന്നു എന്ന് ശ്രദ്ധയിൽപ്പെടുമ്പോഴാണ്. രോഗാണുസാന്നിദ്ധ്യം നിർണ്ണയിക്കുന്നതിന് പത്തോളജിസ്റ്റിന്റെ (Pathologist) സേവനം ആവശ്യമാണ്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ ലാബുകളിൽ ഇത്തരം സൗകര്യം ലഭ്യമാണ്. കോളിഫോം ബാക്ടീരിയക്കുപുറമേ രോഗാണുസാന്നിദ്ധ്യം നിർണ്ണയിക്കേണ്ടതായി പരിസ്ഥിതി സംരക്ഷണ നിയമത്തിൽ നിഷ്കർഷിക്കാത്തതിനാലും അതിനുവേണ്ട സംവിധാനം ബോർഡിൽ നിലവിലില്ലാത്തതിനാലും ജലത്തിലെ രോഗാണുക്കളുടെ അളവ് നിർണ്ണയം NWMP (മുൻപ് MINARS) പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(പ്രസ്തുത മറുപടി സമിതിയുടെ 14-5-2014-ലെ യോഗം അംഗീകരിച്ചു.)

<u>സമിതിയുടെ തുടർ ശിപാർശ നമ്പർ 1</u>

<u>14-10-2009-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം പ്രസ്തുത അധികവിവരം എത്രയുംവേഗം ലഭ്യമാക്കണമെന്ന് വീണ്ടും നിർദ്ദേശിക്കുകയും ചെയ്യുന്നു.</u>

ശിപാർശ 12

വേമ്പനാട് കായലിൽ മുഹമ്മയ്ക്കും കുമരകത്തിനും മദ്ധ്യേ സ്ഥിതിചെയ്യുന്ന 68 ഹെക്ടർ വിസ്തൃതിയുള്ള പാതിരാമണൽ ദ്വീപ്, വിനോദസഞ്ചാരത്തിനെത്തുന്ന ടൂറിസ്റ്റുകൾ ഉപേക്ഷിച്ചുപോകുന്ന ഖരമാലിന്യങ്ങളും പ്ലാസ്റ്റിക്കുകളുംകൊണ്ട് മലിനപ്പെട്ടിരിക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ദ്വീപ് മാലിന്യവിമുക്തമാക്കാനുള്ള അടിയന്തരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) ടൂറിസം (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 33486/സി3/06/ടൂറിസം തീയതി 2-11-2006)

ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് പാതിരാമണൽ ദ്വീപ് ശുചിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ടൂറിസം ഡയറക്ടർ കോട്ടയം ജില്ലാ ടൂറിസം വികസന കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി) ടൂറിസം (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 39216/എ 4/05/ടൂറിസം തീയതി 2-1-2007)

പാതിരാമണൽ ദ്വീപ് മാലിന്യവിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി) തദ്ദേശസ്വയംഭരണ (ഡി. എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25516/ഡി.എ 3/07/തസ്വഭവ. തീയതി 15-5-2009)

കേന്ദ്ര ഗവൺമെന്റും ടൂറിസം വകുപ്പും ചേർന്നുള്ള എക്കോടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതോടെ മാലിന്യപ്രശ്നം പൂർണ്ണമായി പരിഹരിക്കാനാകും. പാതിരാമണൽ ദ്വീപിൽ പ്ലാസ്റ്റിക്കും മാലിന്യങ്ങളും നിക്ഷേപിക്കരുതെന്ന് മുന്നറിയിപ്പ് നൽകുന്ന ബോർഡുകൾ പഞ്ചായത്ത് സ്ഥാപിച്ചിട്ടുണ്ട്. സന്നദ്ധസേവകരുടെ സഹായത്തോടെ മാലിന്യം നീക്കം ചെയ്യുകയും മാലിന്യം നിക്ഷേപിക്കാതിരിക്കുവാൻവേണ്ടി ബോധവത്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

പ്രസ്തുത മറുപടികൾ 14-10-2009-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:

സമിതി ആരാഞ്ഞ അധികവിവരം

കേന്ദ്ര ഗവൺമെന്റും ടൂറിസം വകുപ്പും ചേർന്നുള്ള എക്കോടൂറിസം പ്രോജക്ട് നടപ്പാക്കിയോ എന്ന് ടൂറിസം വകുപ്പിനോട് സമിതി ആരാഞ്ഞു.

സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി ടൂറിസം വകുപ്പ് നാളിതുവരെ ലഭ്യമാക്കിയില്ല.

<u>സമിതിയുടെ തുടർ ശിപാർശ നമ്പർ 2</u>

<u>12-ാം നമ്പർ ശിപാർശയിന്മേൽ വിനോദസഞ്ചാരം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ 14-10-2009-ലെ സമിതിയോഗം ആവശ്യപ്പെട്ട അധികവിവരം വിനോദസഞ്ചാര വകുപ്പ് യഥാസമയം സമിതിക്ക് ലഭ്യമാക്കാത്തതിലുള്ള കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത അധികവിവരം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.</u>

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.